# സെൻറ് സ്റ്റീഫൻസ് കോളജ് രജതജൂബിലി ആഘോഷിക്കുന്നു

പത്തനാപുരം: മൗണ്ട് താബോർ ദയറായുടെ കീഴിലുള്ള പത്തനാപുരം സെൻറ് സ്റ്റീഫൻസ് കോളജ് ഇരുപത്തിയഞ്ചു വർഷം പൂർത്തിയാക്കുന്നു. കോളജിൻെറ ജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനം ഭക്ഷ്യമന്ത്രി ഇ. ചന്ദ്രശേഖരൻ നായർ, പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വച്ച് നിർവഹിച്ചു.

അനേകം സംരംഭങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാസ്ഥാപനമായി വളർന്നിരിക്കുകയാണ് പത്തനാപുരം മൗണ്ട് താബോർ ദയറാ എന്നും അതിൻെറ ചുമതലയിലുള്ള സെൻറ് സ്റ്റീഫൻസ് കോളജ് നാടിനും സഭയ്ക്കും വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും പരിശുദ്ധ കാതോലിക്കാ ബാവാ തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ഈ സ്ഥാപനങ്ങളുടെയെല്ലാം രൂപീകരണം സാധ്യമാക്കിയ, വിദ്യാഭ്യാസ വിചക്ഷണനായിരുന്ന മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയുമായി അടുത്തു പ്രവർത്തിച്ച സന്ദർഭങ്ങൾ പരിശുദ്ധ ബാവാ അനുസ്മരിച്ചു. ജ്ഞാനിയായ അദ്ദേഹം അനേകർക്ക് മാതൃകയായി പരിലസിച്ച വിശിഷ്ട വ്യക്തിയായിരുന്നു. തൻമൂലം അദ്ദേഹത്തിൻെറ പിൻഗാമികൾക്ക് ഇന്നു സുഗമമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടെന്ന് പരിശുദ്ധ ബാവ പറഞ്ഞു.

ക്രൈസ്തവസഭകൾ വിദ്യാഭ്യാസത്തിന് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് മന്ത്രി ചന്ദ്രശേഖരൻ നായർ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ഈ സ്ഥാപനത്തിൻെറ ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിച്ച ഓരോ വ്യക്തിക്കും അഭിമാനിക്കാൻ വകയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത, മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ, ഉമ്മൻചാണ്ടി എം. എൽ എ. കോളജിൻെറ പ്രഥമ പ്രിൻസിപ്പൽ പ്രൊഫ. ടി. സി. ജോസഫ്, ഫാ. കെ. എ എബ്രഹാം, കേരള സർവ്വകലാശാല സിൻഡിക്കേററ് മെമ്പർ ബാബു ജോർജ്ജ് എന്നിവരും ചടങ്ങുകളിൽ പങ്കെടുത്തു സംസാരിച്ചു.

ജൂബിലിയാഘോഷസ്മാരകമായി 25 ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിക്കുന്ന ഓഡിറേറാറിയത്തിൻെറ ശിലാസ്ഥാപനം പരിശുദ്ധ കാതോലിക്കാ ബാവാ നിർവ്വഹിച്ചു.

1964-ൽ ആണ് സെൻറ് സ്റ്റീഫൻസ് കോളജ് പ്രവർത്തനമാരംഭിച്ചത്. 270 വിദ്യാർത്ഥികളും 15 അദ്ധ്യാപകരുമായി ആരംഭിച്ച സ്ഥാപനം ഇന്ന് രണ്ടായിരത്തിലധികം വിദ്യാർത്ഥികളും തൊണ്ണൂറ് അദ്ധ്യാപകരും, അറുപത് അനദ്ധ്യാപകരുമുള്ള ഉന്നത വിദ്യാപീഠമായി വളർന്നുകഴിഞ്ഞു. കോളജിൻെറ രജത ജൂബിലിയാഘോഷങ്ങൾ ഒരു വർഷം നീണ്ടു നിൽക്കും.

## വിവാഹിതരായി



പുതുപ്പറമ്പിൽ പരേതനായ K. J. വർഗീസിൻെറ മകൻ ജോർജ് വർഗീസ് (Babu) ഉം പുത്തൻ കാവ് ചക്കാലയിൽ ശ്രീ. C. M. Mathew- ൻെറ മകൾ Susan Mathew (Sheeba) വും 23-2-89-ൽ തിരുവല്ല പാലിയേക്കര പള്ളിയിൽവെച്ച് മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിവാഹിതരായി.

## യൂണിററ് ഉദ്ഘാടനം

തിരുവല്ല: മർത്തോമ്മ കോളേജ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം യൂണിററിൻെറ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. സി. ററി. ടൈററസിൻെറ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ഡോ. എം. ഐ. ആൻഡ്രൂസ്, പ്രൊഫ. കോശി ചെറിയാൻ, പ്രൊഫ: എബ്രഹാം തോമസ്, വനിതാ വിഭാഗം സെക്രട്ടറി ഷീല ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു.

## കാരുണ്യത്തിൻെറ......

1-ാം പേജിൽനിന്നും തുടർച്ച

ജോൺ ഹെറാൾഡിനുവേണ്ടി വിശദീകരിച്ചു തന്നു

തിരുവനന്തപുരത്ത് വിദഗ്ദ്ധ ചികിത്സാസൗകര്യങ്ങളുള്ള പല ഹോസ്പിററലുകളുമുണ്ട്. (ശ്രീചിത്രാ മെഡിക്കൽ കോളജ്, റീജനൽ കാൻസർസെൻറർ) പക്ഷെ ഇവിടെയെത്തുന്ന രോഗികൾക്ക് ഏതു ഹോസ്പിററലിൽ പോകണമെന്നോ, ഏതു ഡോക്ടറെ കാണണമെന്നോ, എപ്പോഴാണ് സമയം എന്നോ അറിയാതെ കുഴങ്ങുന്നു. അങ്ങനെയുള്ളവർക്ക് സ്ഥാപനം ഒരു ഗൈഡൻസ് സെൻററായി പ്രവർത്തിക്കും. ഹോസ്പിററലിൽ പ്രവേശനം ലഭിക്കാതെ വരുന്ന രോഗികൾക്കും കൂടെയുള്ളവർക്കും താമസസൗകര്യം സെൻററിൽലഭിക്കും. സഭാമക്കൾ എന്നതിലുപരിഎല്ലാ വിഭാഗമാളുകൾക്കുംഈസൗകര്യങ്ങൾ ചെയ്തുകൊടുക്കുമെന്ന് ഫാ. വറുഗീസ് എടുത്തു പറഞ്ഞു.

വിവാഹമാണല്ലോ താഴേക്കിടയിലുള്ളവരെ സാമ്പത്തികമായി ഞെരുക്കുന്ന പ്രശ്നം. അവർക്ക് സാമ്പത്തികസഹായം നൽകുകയും മാരിയേജ് കൗൺസിലിംഗ് സംഘടിപ്പിച്ച് അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനും കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

തിരുവനന്തപുരത്ത് ഉള്ളൂരിലുള്ള 15 സെൻറ് സ്ഥലത്തിൽ ചാപ്പലിനോടു ചേർന്ന മനോഹരമായ കെട്ടിടം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു. നാലു മുറികളും രണ്ടു ഡോർമെട്രികളുമുള്ള സെൻററിൽ 40 പേർക്കുള്ള താമസസൗകര്യമുണ്ട്. 500 രൂപ തുടർച്ചയായി മൂന്നുവർഷം നൽകുന്നവർക്ക് സബ്സ്ക്രൈബിംഗ് മെമ്പർഷിപ്പും, 5000 രൂപ നൽകുന്നവർക്ക് ആയുഷ്ക്കാല മെമ്പർഷിപ്പും ലഭിക്കും. മെമ്മോറിയൽ വാർഡുകൾക്കുള്ള സാമ്പത്തികചിലവുകൾ ചില വ്യക്തികൾ വഹിച്ചെന്ന് അച്ചൻ സൂചിപ്പിച്ചു

ചാരിററബിൾ സൊസൈററി ആക്ടിൻ പ്രകാരം രജിസ്റ്റർ ചെയ്ത ഗൈഡൻസ് സെൻററിൻെറ രക്ഷാധികാരി പ: കാതോലിക്കാബാവാ തിരുമേനിയും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് (പ്രസിഡൻറ്) ഗീവറുഗീസ് മാർ ദിയസ്ക്കോറോസ് (ജോയിൻറ് പ്രസിഡൻറ്) കെ. ററി ചാണ്ടി (പ്രോഗ്രാം ഡയറക്ടർ) എന്നിവരടങ്ങുന്ന ബോർഡ് ഭരണകാര്യങ്ങൾനിയന്ത്രിക്കും.

നാനാ ജാതി മതവിഭാഗങ്ങളെ സഹജീവികളായി കാണുകയും, അവർക്കായി കാരുണ്യത്തിൻെറ വാതിലുകൾ തുറന്നു കൊടുക്കുകയും ചെയ്യുന്ന 'സെൻറ് തോമസ് കാരുണ്യാ ഗൈഡൻസ് സെൻറർ' മലങ്കരസഭയുടെ ജീവകാരുണ്യ പ്രവർത്തനത്തിൽ ഒരു തൊങ്ങൽകൂടി ചേർക്കുമെന്നതിന് സംശയമില്ല.

## അസോസ്യേഷൻ...

(1-ാംപേജിൽനിന്നു തുടർച്ച)

ഫാ. കെ. ടി. മാത്യൂസ്, തോമസ് മാത്യു കമ്പൂക്കാട്ട്, ഡോ സാമുവൽ ചന്ദനപ്പള്ളി (പബ്ളിസിററി), ഫാ പി കെ. മാത്യൂസ്, പി ജി. പൊന്നച്ചൻ, ഉമ്മൻ വർഗ്ഗീസ് (അക്കോമഡേഷൻ), പ്രൊഫ എ വി. സ്കറിയാ, സഭാകവി സി. പി. ചാണ്ടി (ഗായക സംഘം), ഫാ ഇഗ്നേഷ്യസ് ഡിസൂസ, ലഫ് കേണൽ കെ. എ. ജോർജ്, ക്യാപ്ററൻ എസ്. എം. പാറേക്കാട്ട്, റിട്ട.എസ്. പി. കെ. വി. ഉമ്മൻ (ഡിസിപ്ളിൻ), ഫാ. കെ. വി. സാമുവൽ, പ്രൊഫ. ടി. ജോർജ് വർഗ്ഗീസ്, കെ. ജെ. ജോർജ്ജ് (ഫുഡ്) ഫാ. ടി. ജി. സ്റ്റീഫൻ, ഡോ. പി. പി. മാത്യൂസ്, കെ. ജി. ജോർജ് (ലൈററ് ആൻഡ് സൗണ്ട്) ഡോ. ടി. എം. ജോർജ്, ഡോ. കുര്യൻ വി. അലക്സാണ്ടർ (മെഡിക്കൽ ഫാ പി.എം. സഖറിയ പ്രൊഫ. ഉമ്മൻ ജേക്കബ് (സ്റേറജ്, പന്തൽ), ഫാ. എം. എം. മാത്യൂസ്, കെ. ഒ. ചാണ്ടപ്പിള്ള, കെ. ഒ. വർഗ്ഗീസ് (ഡക്കറേഷൻ).

സഭാ ട്രസ്റ്റി പി. സി. ഏബ്രഹാം, സഭാ സെക്രട്ടറി പോൾ മത്തായി, പാമ്പാടി കോളജ് പ്രിൻസിപ്പൽ പ്രൊഫ. ടൈററസ് വർക്കി എന്നിവർ പ്രസംഗിച്ചു. യൗസേബിയോസ് മെത്രാപ്പോലീത്താ സ്വാഗതവും, ഫാ. തോമസ് ജോൺസൺ നന്ദിയും പറഞ്ഞു.




Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Office Address: Malankara Orthodox Herald Devalokam, Kottayam-686 038